**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1429** | **18-01-2021 - ൽ മറുപടിയ്ക്ക്**

**ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . സി. മമ്മൂട്ടി ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | മിക്ക സംസ്ഥാനങ്ങളും ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണം പൂർണ്ണമാക്കിയെങ്കിലും കേരളത്തിൽ ഇത് പകുതിപോലും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | സർവ്വെയും ഭൂരേഖയും വകുപ്പിൻ കീഴിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി സംസ്ഥാനത്തെ പാലക്കാട് ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ ജില്ലാ ഡിജിറ്റൈസേഷൻ സെന്ററും, തിരുവനന്തപുരം ജില്ലയിൽ ഒരു സെൻട്രൽ ഡിജിറ്റൈസേഷൻ സെന്ററും പ്രവർത്തിക്കുന്നു. സർവ്വെയും ഭൂരേഖയും വകുപ്പിൽ ലഭ്യമായ എല്ലാ സർവ്വെ റിക്കാർഡുകളും സ്കാൻ ചെയ്ത് ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിലേയ്ക്കായി ഇ-രേഖ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും, 16/06/2016 മുതൽ www.erekha.gov.in എന്ന വെബ് പോർട്ടലിൽ സ്കാൻ ചെയ്ത വിവരങ്ങൾ നൽകി വരുന്നതുമാണ്. നിലവിൽ റീസർവ്വെ പൂർത്തിയാക്കിയ 908 വില്ലേജുകളിൽ 838 വില്ലേജുകളുടെ റീസർവ്വെ എഫ്.എം.ബി കളുടെയും, 792 വില്ലേജുകളുടെ ബ്ലോക്ക് മാപ്പുകളുടെയും, 200 വില്ലേജുകളുടെ ലാൻഡ് രജിസ്റ്ററുകളുടെയും സ്കാനിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | നിലവിലുള്ള മുഴുവൻ പേപ്പർ മാപ്പുകളും സ്കാൻ ചെയ്ത് ഡിജിറ്റൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ഭൂരേഖകൾ ഡിജിറ്റൽ സംവിധാനത്തിൽ നാളതീകരിച്ച് പരിപാലിക്കുന്നതിനുള്ള സോഫ്റ്റ് വെയർ എൻ.ഐ.സി മുഖേന കസ്റ്റമൈസേഷൻ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | ഭൂരേഖകൾ ഡിജിറ്റൽവൽക്കരിക്കുന്നത് കാർഷിക വായ്പകൾ വേഗം ലഭിക്കാൻ | (സി) | സർവ്വെയും ഭൂരേഖയും വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വെ റിക്കാർഡുകളും ഡിജിറ്റൈസേഷൻ |

| | | | |
|---|---|---|---|
| | സഹായിക്കുമെന്നതിനാൽ ആയത് എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഡിജിറ്റൈസേഷൻ ജോലികൾക്കാവശ്യമായ കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും പാലക്കാട് ജില്ലയിലും കൂടി ജില്ലാ ഡിജിറ്റൈസേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ